LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ഈ വരൾച്ച-കാലവർഷക്കെടുതികളുമായി ബന്ധപ്പെട്ട് ഈ അറ്റകുറ്റപ്പണികൾ നിർവഹിക്കണം എന്ന ഉദ്ദേശത്തോടെ ധാരാളം വർക്കുകൾ അനുവദിക്കാറുണ്ട്. അതിൽ കുറച്ച് കാലവിളംബം വരുന്നു എന്ന പൊതു വിമർശനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ബന്ധപ്പെട്ട ജനപ്രതിനിധികളേയും ഉദ്യോഗസ്ഥൻമാരേയും വിളിച്ചുകൂട്ടി റിവ്യൂ യോഗങ്ങൾ നടത്തുകയുണ്ടായി. ഇപ്പോൾ മാസാമാസം ഇത് മാത്രം റിവ്യൂ ചെയ്യുന്ന യോഗങ്ങൾ ബന്ധപ്പെട്ട എം.എൽ.എ.മാരും ജനപ്രതിനിധികളും ജില്ലാ കളക്ടർമാരും നടത്തണമെന്ന് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അത്തരം നടപടികളുണ്ട്. എല്ലാ ജില്ലകളിലും നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിങ്ങളുടെയും കൂടി സാന്നിദ്ധ്യത്തിലാണ് ഓരോ ജില്ലയിലും റിവ്യൂ മീറ്റിംഗ് ഞാൻ വന്നു നടത്തിയത്. അടിയന്തിരമായി അത് കൂടണമെന്ന് എം.എൽ.എ.മാർ ആവശ്യപ്പെട്ടാൽ ഏതു സമയത്തും അത് കൂടും. ഇപ്പോൾ ഒരു മാസക്കാലം നിയമസഭ കൂടുന്നു എന്നുള്ളതുകൊണ്ട് എം.എൽ.എ.മാർ പങ്കെടുക്കേണ്ട ഒരു യോഗവും നടത്തരുതെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ മാസം കഴിഞ്ഞാൽ ഉടനെ തന്നെ കൂടും. അനിശ്ചിതമായി പണി തുടങ്ങാൻ കഴിയാതെ കിടക്കുന്ന ഏതെങ്കിലും വർക്കുകൾ ഉണ്ടെങ്കിൽ അത് ഒഴിവാക്കണം എന്ന് നിർദ്ദേശം ഉണ്ടായാൽ അത് ഒഴിവാക്കി പകരം റോഡുകൾ അനുവദിക്കുന്നതാണ്.

മി. സ്പീക്കർ : പറ്റുമെങ്കിൽ ശനിയാഴ്ച ദിവസങ്ങളിൽ കൂടാം.

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ശനിയാഴ്ച എം.എൽ.എ. മാർക്ക് വേറെ ഒരുപാട് പണികളാണ്.

ശ്രീ. ടി.കെ. നൗഷാദ് : സർ, വരൾച്ച നേരിടുന്നതിന് അങ്ങയുടെ മറുപടിയിൽ എല്ലാ ജില്ലയ്ക്കും 50 ലക്ഷം രൂപ വീതം കൊടുത്തു എന്നാണ് പറയുന്നത്. ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്നതും ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നതുമായ ഒരു ജില്ലയാണ് പാലക്കാട് ജില്ല. വരൾച്ച നേരിടുന്നതിന് എല്ലാ ജില്ലയും ഒരുപോലെ കണക്കാക്കാതെ, ഏറ്റവും രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് ജില്ലയിലേയ്ക്കു കൂടുതൽ സംഖ്യ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ഞാൻ തന്നെ പാലക്കാട്ട് ഉണ്ടാകുമ്പോൾപ്പിന്നെ ശ്രീ. ടി.കെ. നൗഷാദ് ഭയപ്പെടേണ്ട വല്ല കാര്യവുമുണ്ടോ? അതുകൊണ്ട്, കൊടുക്കുമ്പോൾ എല്ലാം ഒരേ രീതിയിലേ കൊടുക്കാൻ പറ്റൂ. ആവശ്യങ്ങൾക്ക് അനുസരിച്ച് പാലക്കാട് ജില്ലയിൽനിന്ന് കൂടുതൽ സംഖ്യയുടെ ആവശ്യമുണ്ട്, കൂടുതൽ പ്രദേശങ്ങളിൽ വെള്ളം എത്തിച്ചുകൊടുക്കേണ്ടതുണ്ട് എന്ന റിപ്പോർട്ട് കിട്ടുകയാണെങ്കിൽ തീർച്ചയായിട്ടും അവിടെയും പൈസ കൊടുക്കും. മലപ്പുറത്തും കൊടുക്കും. ഏത് ജില്ലയ്ക്കും കൊടുക്കും.

2 (*422) വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ആനുകൂല്യങ്ങൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് നൽകുന്നത്;

(ബി) നികുതി സൗജന്യങ്ങൾ അനുവദിക്കുന്നതിനെതിരെ കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം വന്നിരിക്കുന്ന സാഹചര്യത്തിൽ വ്യവസായികളെ ആകർഷിക്കുന്നതിന് ഒരു പാക്കേജ് സ്കീം തയ്യാറാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(സി) വിദേശമൂലധനം കേരളത്തിലേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക -പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം അനുബന്ധമായി* നൽകിയിരിക്കുന്നു.

(ബി) സാമ്പത്തികാനുകൂല്യങ്ങളെക്കാൾ പ്രധാനം മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും വ്യാവസായിക അന്തരീക്ഷവും സൃഷ്ടിക്കുന്നതിനാണ്. അതിനാണ് സർക്കാർ കൂടുതൽ ശ്രദ്ധചെലുത്തുന്നത്.

(സി) കിൻഫ്രാ, ടെക്നോപാർക്ക്, വ്യവസായവികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വ്യവസായ നിക്ഷേപത്തിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുകയും വിദേശമൂലധന നിക്ഷേപത്തിനായി ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്. എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഉറപ്പുവരുത്തിയിട്ടുള്ള ടെക്നോപാർക്കുകളും മറ്റ് വ്യവസായ പാർക്കുകളും വ്യവസായ വളർച്ചാ കേന്ദ്രങ്ങളും ഒരുക്കിയിട്ടുണ്ട്. മികച്ച സൗകര്യങ്ങളും മെച്ചപ്പെട്ട മാനവ വിഭവശേഷിയും ഉയർത്തിക്കാട്ടി വിദേശങ്ങളിൽ ഇൻവെസ്റ്റുമെന്റ് മീറ്റുകൾ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര ട്രേഡ് സെന്ററുകളിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. വിദേശികളെ കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി പത്രങ്ങളിലും മാസികകളിലും പരസ്യങ്ങൾ കൊടുക്കുകയും മലയാളി സംഘടനകളുമായി ബന്ധപ്പെടുകയും ചെയ്യുന്നു. സാങ്കേതിക യോഗ്യതയുള്ള പ്രവാസി മലയാളികളെ വ്യവസായ മേഖലയിലേക്ക് ആകർഷിക്കുവാൻ സാമ്പത്തികസഹായം ഉൾപ്പെടെ പല ആനുകൂല്യങ്ങളും നൽകിവരുന്നു. ഇവർ തുടങ്ങുവാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ മൂതൽമുടക്കിനെ അടിസ്ഥാനപ്പെടുത്തി 20 ശതമാനം മാർജിൻമണി ലോൺ പരമാവധി 5 ലക്ഷം രൂപ നൽകുന്നതാണ്. കൂടാതെ സാധാരണ വ്യവസായങ്ങൾക്കു ലഭിക്കുന്ന മറ്റെല്ലാ ആനുകൂല്യങ്ങളും ഇത്തരം വ്യവസായങ്ങൾക്കും ലഭിക്കുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : വിദേശമൂലധനം കൂടുതൽ ലഭിക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തുന്നുവെന്ന് ബഹു. മന്ത്രി പറഞ്ഞു. ജോൺസ് ഹോപ്കിൻസ് യൂണിവേഴ്സിറ്റി സെന്റർ 700 കോടി രൂപ മുടക്കി മൂന്നാറിൽ ആരംഭിക്കാനിരുന്ന പദ്ധതി ഉപേക്ഷിച്ചതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനം വിദേശമൂലധന നിക്ഷേപത്തിന് എതിരാണെന്നൊരു ധാരണ പരന്നിട്ടുണ്ട്, ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതു സംബന്ധിച്ച് ഏതെങ്കിലും വിദേശമലയാളി സംഘടനകൾ ഗവൺമെന്റിനു നിവേദനം തന്നിട്ടുണ്ടോ, ഇങ്ങനെയൊരു ധാരണ മാറ്റിയെടുക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

---

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : വിദേശമൂലധന നിക്ഷേപം വർദ്ധിപ്പിക്കുവാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. അതുവഴി വിദേശമൂലധനം വർദ്ധിച്ചുവരുന്നുണ്ട്. അതുപോലെ, നേരത്തെ പറഞ്ഞ മൂന്നാറിൽ തുടങ്ങാൻ ഉദ്ദേശിച്ചിരുന്ന ആശുപത്രി ഇവിടെ നഷ്ടപ്പെട്ടതിനെ സംബന്ധിച്ച് വിദേശ മലയാളികളിൽനിന്നും പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : വിദേശമൂലധനത്തിന് നമ്മുടെ സംസ്ഥാനം എതിരാണെന്നുള്ള ധാരണയാണ് ഇന്നും നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ ആന്ധ്രയിലും കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെ വന്നുകൊണ്ടിരിക്കുന്ന വിദേശമൂലധനനിക്ഷേപവുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിന് കാര്യമായിട്ടൊന്നുമില്ല. അമേരിക്കൻ പ്രസിഡന്റിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് ആയിരം വ്യവസായികളാണ് ഇന്ത്യയിലേക്ക് വരുന്നത്. അവരുമായിട്ടുള്ള ലെയ്സൺ വർക്കിന് മറ്റ് സംസ്ഥാനങ്ങളൊക്കെ പല നടപടികളുമെടുത്തിട്ടുണ്ട്. വെസ്റ്റ് ബംഗാൾ ഗവൺമെന്റ് പോലും നടപടികൾ എടുത്തിട്ടുണ്ട്, ഈ കേരളം എടുത്തിട്ടില്ല. അവരുടെ നിക്ഷേപം നമ്മുടെ താൽപ്പര്യത്തിന് എതിരായിട്ട് വേണ്ട. പക്ഷെ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനനുസരണമായിട്ടുള്ള വിദേശമൂലധനം വരുമോയെന്ന് നോക്കണ്ടേ? ഇന്ത്യയിൽ ഇന്ന് വിദേശമൂലധന നിക്ഷേപവുമായി ബന്ധപ്പെട്ട് നടക്കുന്നതെന്താണെന്ന് പരിശോധിക്കുവാൻപോലും നമുക്ക് ഒരു സംവിധാനമില്ല എന്നു ഞാൻ പറഞ്ഞാൽ അതിനെ എതിർക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : വിദേശമൂലധന നിക്ഷേപത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നുണ്ട്. അതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും വിദേശരാജ്യങ്ങളടക്കം സന്ദർശിച്ച് വിദേശ മൂലധന നിക്ഷേപം ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി അതു വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

<u>ശ്രീ. എം.വി. ജയരാജൻ</u> : വിദേശമൂലധനം ആകർഷിക്കുന്നതിനു വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമ്പോൾത്തന്നെ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി അതിന്റെ ഓഹരി വിൽപ്പന നടത്തി ബഹുരാഷ്ട്ര കുത്തകകൾക്ക് കൈമാറുന്നതുമൂലം കേന്ദ്രത്തിൽ കോൺഗ്രസ്സ് അധികാരത്തിലുണ്ടായിരുന്നകാലം മുതൽ ആരംഭിച്ച ഈ നയത്തിന്റെ ഫലമായി കേരളത്തിലുണ്ടാകുന്ന പ്രതികൂലമായ സ്ഥിതി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഏറ്റവും പ്രധാനപ്പെട്ട കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, തിരുവനന്തപുരത്തുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, മോഡേൺ ബ്രെഡ് ഉൾപ്പടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ- ഇതൊക്കെ ഗൗരവമായ പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഇപ്പോഴത്തെ സാമ്പത്തികനയവും വ്യാവസായിക നയവുമൊക്കെ തന്നെ നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളെ തകർക്കുന്നതാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. അത് തിരുത്തുന്നതിന് വൻപിച്ച പോരാട്ടത്തിലൂടെ കഴിയുകയുള്ളൂ. സംസ്ഥാന

ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുക യില്ലെന്നാണ് വിശ്വസിക്കുന്നത്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : നമ്മുടെ സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇൻഡസ്ട്രി യൽ എസ്റ്റേറ്റ് ആരംഭിച്ചത്. പല ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും ഇപ്പോൾ ഗവൺമെന്റിന്റെ നയമനുസരിച്ച് അതിന്റെ തറവില, വാടക വളരെ ഭീമമായി പത്തിരുപത് ഇരട്ടി വർദ്ധിപ്പിച്ചിട്ടുണ്ട്-കമേഴ്സ്യൽ പ്രോപ്പർട്ടീസിനേക്കാൾ കൂടുതലായി. റിയൽ എസ്റ്റേറ്റ് ബിസിനസുകളുടെ മാതിരിയുള്ള ഒരു മനോഭാ വമാണ് ഇന്ന് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ-വാടക, അതിന്റെ വില ഈ കാര്യങ്ങളിൽ വ്യവസായത്തിന് ഗുണകരമായ ഒരു സമീപനം എടുക്കുന്നതിനെക്കുറിച്ച്-ഇപ്പോൾ അവർ സമരം ചെയ്തു-കൊണ്ടിരിക്കുകയാണ്-അവരുമായി ചർച്ചചെയ്ത് ഒരനുകൂല മായ അന്തരീക്ഷം ഉണ്ടാക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഇപ്പോൾ ശ്രമിച്ചുവരുന്നുണ്ട്. വാടകയുടെ പ്രശ്നവും അതുപോലെ വ്യവസായങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതി നുള്ള പ്രതിസന്ധികളെ സംബന്ധിച്ചും സമഗ്രമായി പഠിച്ചുകൊണ്ടിരിക്കുന്നു. ഓരോ സെക്ടറിലേയും പ്രശ്നങ്ങൾ പഠിച്ച് അതിന് പരിഹാരം കാണാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. പി. രാഘവൻ</u> : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വ്യവസായരംഗത്ത് വിദേശനിക്ഷേപം എത്ര പൂർത്തിയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഏകദേശം 52 കോടിയിൽപ്പരം രൂപ വിദേ ശമൂലധന നിക്ഷേപം നമ്മുടെ സംസ്ഥാനത്തേയ്ക്കു വന്നിട്ടുണ്ടെന്നാണ് കണ ക്കാക്കിയിരിക്കുന്നത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ചോദ്യത്തിന്റെ ബി-യിൽ പറഞ്ഞ ഒരു കാര്യം: നമ്മുടെ സംസ്ഥാനത്ത് ഈ ജനുവരി മാസം ഒന്നാം തീയതി മുതൽ നികുതി ഏകീകരണത്തിന്റെ പേര് പറഞ്ഞ്, മേലിൽ ചെറുകിട വ്യവസായ ങ്ങൾ ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് ടാക്സ് ഇനത്തിലുള്ള കൺസെ ഷൻ അനുവദിക്കുകയില്ലയെന്നൊരു നോട്ടിഫിക്കേഷൻ ഗവൺമെന്റ് ഇറക്കി യിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങൾക്ക് ആ കാലാവധിവരെ കിട്ടും. പുതിയ ഒരു സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയ്ക്കുപോലും ഒരു പൈസയുടെ ടാക്സ് കൺസെഷൻ കിട്ടുകയില്ലെന്നു നോട്ടിഫിക്കേഷൻ ഇറങ്ങിയതുകൊണ്ട് ഈ സംസ്ഥാനത്ത് പുതിയ ചെറുകിട വ്യവസായങ്ങൾ ഒന്നുമുണ്ടാകാൻ സാദ്ധ്യത യില്ല. കാരണം നിലവിലുള്ള കൺസെഷൻ പുതിയതായി തുടങ്ങുന്നതിന് ഇല്ല, അപ്പോൾ കോസ്റ്റ് കൂടും. മാർക്കറ്റിൽ കോമ്പീറ്റ് ചെയ്യാൻ കഴിയുകയില്ല. വ്യവസായമൊന്നും നടക്കുകയില്ല. അതാണ് ബി-യുടെ ചോദ്യം. ആ കൺസെഷൻ എടുത്തുകളഞ്ഞതുകൊണ്ട് പുതിയ വ്യവസായങ്ങളുണ്ടാകുക യില്ല. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഗവൺ മെന്റ് ഉദ്ദേശിക്കുന്നുണ്ടോ, അതല്ല ടാക്സ് കൺസെഷൻ വീണ്ടും പുതിയ വ്യവസായങ്ങൾക്ക് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : പുതിയ നികുതി പരിഷ്ക്കരണത്തിന്റെ ഫലമായി വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. ഓരോ സ്റ്റേറ്റിനും പ്രത്യേകം പ്രത്യേകമായിട്ടുതന്നെ പരിഗണിക്കപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും ഇവിടെയും ഈ സംവിധാനത്തെ സംബന്ധിച്ച് കൂടുതൽ പഠിച്ച് മനസ്സിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : കേരളത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ധാരാളം എൻ.ആർ.ഐ. മലയാളികൾ മുന്നോട്ടു വന്ന സാഹചര്യം കണക്കിലെടുത്തുകൊണ്ട്-ഇപ്പോൾ സംസ്ഥാനത്ത് പ്ലോട്ടുകളൊക്കെ തിരിച്ചു കൊടുക്കാൻ പോകുന്നു, പുതിയ പാർക്കുകളിൽ (പ്രത്യേകിച്ച് കോഴിക്കോട്, മലപ്പുറം എന്നിവിടങ്ങളിൽ ആരംഭിക്കുന്ന, കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ അടുത്ത് ആരംഭിക്കാൻ പോകുന്ന പാർക്ക് ഉൾപ്പെടെ) ഏതെങ്കിലും പാർക്കുകൾ പ്രത്യേകമായി മാറ്റിവയ്ക്കുന്നുണ്ടോ, ആ രീതിയിലുള്ള ചർച്ചകൾ പലതും നടന്നുവെന്നു പത്രവാർത്തകളുണ്ട്. എന്തെങ്കിലും തീരുമാനങ്ങൾ അത് സംബന്ധിച്ച് ഉണ്ടായിട്ടുണ്ടോ? അവർക്ക് പ്രത്യേകമായി എന്തൊക്കെ കൺസെഷനാണ് നൽകുന്നത്?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : പ്രവാസി മലയാളികളെ സംബന്ധിച്ചും വിവിധ സ്കീമുകളെ സംബന്ധിച്ചിട്ടുള്ളത് അനുബന്ധമായിട്ട് ചേർത്തിട്ടുണ്ട്. വ്യവസായ പാർക്കുകളിൽ വിദേശ മലയാളികൾക്ക് ആവശ്യമായിട്ടുള്ള എല്ലാ തരത്തിലുള്ള സൗജന്യവും അതുപോലെ ലോൺ കിട്ടാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു.

<u>ശ്രീ. കെ. ബാബു</u> : നമ്മുടെ സംസ്ഥാനത്ത് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യവികസനനിധി രൂപീകരിക്കുകയുണ്ടായി. ഓർഡിനൻസിലൂടെയാണ് അതിനുള്ള നിയമം കൊണ്ടുവന്നത്. പിന്നീട് നിയമസഭ അത് പാസ്സാക്കുകയും ചെയ്തു. 506 കോടി രൂപ ഉയർന്ന പലിശ കൊടുത്ത്, സർക്കാർ സമാഹരിക്കുകയുണ്ടായി. ആ 506 കോടി രൂപയിൽ എത്ര രൂപ ഇതിനകം അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാൻ വേണ്ടി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : കൃത്യമായിട്ടുള്ള ഒരു കണക്കില്ല. ഏകദേശം വിവിധ കമ്പനികൾക്കായി 15 കോടിയിൽപ്പരം രൂപ കൊടുത്തതായി കണക്കുകളിൽ കാണുന്നുണ്ട്.

3 (*423) പി.എം.ആർ.വൈ. വായ്പാ പദ്ധതി

<u>ശ്രീ. വി. ബാലറാം</u> :
<u>ശ്രീമതി റോസമ്മ ചാക്കോ</u> :
<u>ശ്രീ. എ.കെ. മണി</u> :
<u>ഡോ. എം.എ. കുട്ടപ്പൻ</u> :
<u>ശ്രീമതി രാധാ രാഘവൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ആർ.വൈ. പദ്ധതി അനുസരിച്ച് നൽകുന്ന വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്;

(ബി) ഈ പദ്ധതി അനുസരിച്ച് വായ്പ നൽകുന്നവർക്ക് അവർ ഉദ്ദേശിക്കുന്ന പ്രകാരമുള്ള പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(സി) ഇവർക്ക് സർക്കാർ ഏജൻസികളിൽ നിന്നും സൗകര്യങ്ങൾ ലഭിക്കാത്തതുമൂലം ഉദ്ദേശിച്ച പദ്ധതി നടപ്പാക്കാൻ കാലതാമസം ഉണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-I

13-3-2000 -ലെ ചോദ്യം 2 (*422) ന്റെ ഉത്തരം കാണുക

പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം

1. സാങ്കേതിക വ്യാപനത്തിനായി ചെലവിന്റെ 50% പരമാവധി 10000 രൂപ സബ്സിഡി നൽകുന്നു.
2. വിവിധ ഏജൻസികളുമായി ചേർന്ന് വ്യവസായസംരംഭകർക്ക് ആവശ്യമായ മേൽനോട്ടപരവും സാങ്കേതികവുമായ കഴിവുകൾ നേടുന്നതിനുള്ള പരിശീലനം.
3. വ്യവസായ നടത്തിപ്പിനുവേണ്ടി വികസിപ്പിച്ചെടുത്ത സ്ഥലവും കെട്ടിടവും സൗജന്യ നിരക്കിൽ നൽകുന്നു.
4. ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്നവായ്പ്പയിൽ സംരംഭകന്റെ ഓഹരിയിൽ പകുതി പരമാവധി 2.5 ലക്ഷം രൂപ 9% പലിശയും വ്യവസായവകുപ്പിൽ നിന്നും ലഭിക്കുന്നു. പ്രവാസി മലയാളികൾക്ക് ഇതു പരമാവധി 5 ലക്ഷം രൂപവരെ നൽകുന്നു.
5. സ്ഥിരമൂലധനത്തിന്റെ 15% പരമാവധി 15 ലക്ഷം രൂപവരെ സബ്സിഡി നല്കുന്നു.
6. പരിസ്ഥിതി മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾക്ക് മുടക്കുന്ന തുകയുടെ 15% പരമാവധി 5 ലക്ഷം രൂപാവരെ സബ്സിഡി നൽകുന്നു.
7. പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങളുടെ ഉല്പാദനം ആരംഭിച്ച തീയതി മുതൽ 7 വർഷത്തിനുള്ളിൽ സ്ഥിരം മൂലധനത്തിന് തുല്യമായ അത്രയും തുക വില്പന നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു.
8. വിപണനത്തിനുള്ള ടെണ്ടറുകളിൽ പങ്കെടുക്കുമ്പോൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിലെ ഉല്പന്നങ്ങളെക്കാൾ 15% വില നിരക്ക് കൂടുതലായും പ്രസ്തുത ഉല്പന്നം വാങ്ങാൻ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുപുറമേ ഐ.എസ്.ഐ. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് 2% കൂടി കൂടുതലും വിലനിരക്കിൽ മുൻഗണന ലഭിക്കുന്നു.
9. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വിപണന ടെണ്ടറുകളിൽ പങ്കെടുക്കുന്നതിലും ഇ.എം.ഡി./എസ്.ഡി. അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളെ വൈദ്യുതഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
10. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുവാൻ 1 ലക്ഷം രൂപവരെ യാതൊരു ജാമ്യവുമില്ലാതെയും 2 ലക്ഷം രൂപവരെ ജാമ്യത്തോടുകൂടിയും സംയുക്ത സംരംഭമാണെങ്കിൽ 10 ലക്ഷം രൂപ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

11. വനിതകൾക്ക് സ്വന്തമായി വ്യവസായം ആരംഭിക്കുവാൻ വനിതാ വ്യവസായപദ്ധതി അനുസരിച്ച് വിവിധ ഗ്രാന്റുകൾ നൽകുന്നു. 50% കെട്ടിടഗ്രാന്റ് 50% യന്ത്രോപകരണ മാനേജീരിയൽ ഗ്രാന്റ് വായ്പാഗ്രാന്റ് തുടങ്ങിയവ.

12. ചെറുകിട വ്യവസായസഹകരണ മേഖലയ്ക്കും കരകൗശലമേഖലയ്ക്കും വളരെയധികം ആനുകൂല്യങ്ങൾ നൽകിവരുന്നു.

13. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ക്ലിയറൻസുകൾ വേഗതയിൽ ലഭ്യമാക്കാൻ ജില്ലകൾതോറും ഗ്രീൻചാനൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഈ സംവിധാനം ഫലപ്രദമാക്കാൻ സംസ്ഥാനതല ഏകജാലക ബോർഡും ജില്ലാതല ഏകജാലക ബോർഡും വ്യവസായ ഏരിയാബോർഡുകളും നിയമപ്രാബല്യത്തോടെ പ്രവർത്തിക്കാൻ ആക്ട് കൊണ്ടുവന്നുകഴിഞ്ഞു.

14. സ്ഥല സംബന്ധിത വ്യവസായ സമൂഹം വികസിപ്പിച്ചെടുത്ത് ചെറിയ യൂണിറ്റുകളെ സംയോജിപ്പിക്കുന്നതിലൂടെ സുദൃഢമായ വ്യവസായ ഉൽപാദക വിപണന ശൃംഖല സ്ഥാപിക്കുന്നതിന് അവയുടെ പരസ്പര ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉറപ്പുവരുത്തുവാനുമായി ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ വ്യവസായ സമൂഹ പദ്ധതി നടപ്പാക്കിവരുന്നു.

15. പട്ടികജാതി-പട്ടികവർഗ്ഗവ്യവസായ സംരംഭകർക്ക് കൂടുതൽ ഉദാരമാക്കിയ പദ്ധതി അനുസരിച്ച് പലിശ രഹിത വായ്പയും ഗ്രാന്റും നൽകുന്നു.

16. ഉൽപ്പന്നങ്ങളുടെ ഗുണമേന്മവർദ്ധനവിനായി ഐ.എസ്.ഒ. 9000 അനുസരിച്ചുള്ള ഗുണമേന്മപരിശോധന ലബോറട്ടറികളും ഉപകരണങ്ങളും സ്ഥാപിക്കാൻ 75000 രൂപ വരെ ഗ്രാന്റുനൽകിവരുന്നു.

കൂടാതെ പുതിയ വ്യവസായനയത്തിലൂടെ താഴെപറയുന്ന പുതിയ ആനുകൂല്യങ്ങളും സൗകര്യങ്ങളും പ്രഖ്യാപിച്ചുനൽകാൻ നടപടികളെടുത്തുവരുന്നു.

1. ത്രസ്റ്റ് വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾക്കുള്ള സബ്സിഡി റബ്ബറധിഷ്ഠിത വ്യവസായം, കാർഷികാനുബന്ധ വ്യവസായം, ഫുഡ് പ്രോസസ്സിംഗ് ഉൾപ്പെട്ട വസ്ത്ര നിർമ്മാണം, വിനോദസഞ്ചാരം, ആയുർവേദ മരുന്നുകൾ, മൈനിംഗ്, സമുദ്രോൽപ്പന്നങ്ങൾ, ലഘു എഞ്ചിനീയറിംഗ് ബയോടെക്നോളജി 100% കയറ്റുമതി ലക്ഷ്യമാക്കിയുള്ള ലഘു, ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾക്ക് (പുതുതായി തുടങ്ങുന്നവയ്ക്ക് മാത്രം) സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% അല്ലെങ്കിൽ 15 ലക്ഷം രൂപ ഏതാണ് കുറവ് അത്രയും നൽകും. ഇടുക്കി, വയനാട് എന്നീ പിന്നോക്ക ജില്ലകളിൽ പുതുതായി ത്രസ്റ്റ്(മുൻഗണന) വ്യവസായങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% അല്ലെങ്കിൽ 25 ലക്ഷം രൂപ ഏതാണോ കുറവ് അത്രയും നൽകും.

2. മറ്റു വ്യവസായങ്ങൾക്കുള്ള നിക്ഷേപ സബ്സിഡി.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങളൊഴികെ മറ്റ് ഏതുതരം വ്യവസായങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% അല്ലെങ്കിൽ പരമാവധി 5 ലക്ഷം രൂപ ഏതാണ് കുറവ് അത്രയും നിക്ഷേപ സബ്സിഡി ഇനത്തിൽ നൽകും.

എന്നാൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിലും സർക്കാർ പ്രത്യേകമായി പ്രഖ്യാപിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും പാർക്കുകളിലും ആരംഭിച്ചിട്ടുള്ള മേൽ വിവരിച്ച തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ നൽകും.

3. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളും വൈവിധ്യവൽക്കരണം/ ആധുനിക വൽക്കരണം/വികസനം എന്നിവ നടത്തുമ്പോഴും മേൽ വിവരിച്ച തരത്തിലുള്ള സബ്സിഡി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

4. പ്രത്യേക വിഭാഗത്തിലുള്ള വ്യവസായ സംരംഭകർക്കുള്ള അഡീഷണൽ സബ്സിഡി.

മേൽവിവരിച്ച തരത്തിലുള്ള സബ്സിഡികൾക്കു പുറമേ സ്ഥിരമൂലധനത്തിന്റെ 5% അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപവരെ താഴെ പറയുന്ന സംരംഭകർ ആരംഭിക്കുന്ന ചെറുകിട ലഘു വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

(എ) പട്ടികജാതി- പട്ടിക വിഭാഗത്തിൽപ്പെട്ടവർ.

(ബി) സ്ത്രീകൾ.

(സി) വികലാംഗർ

(ഡി) വിമുക്തഭടൻമാർ.

5. ജനറേറ്റർ സബ്സിഡി: ക്യാപ്റ്റീവ് ജനറേറ്റർ യൂണിറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ ഇപ്പോൾ നൽകിവരുന്ന തോതിലുള്ള സബ്സിഡി, ഗുരുതരമായ വൈദ്യുതി പ്രതിസന്ധി നിലവിലുള്ളതുവരെ തുടരുന്നതാണ്.

6. സാങ്കേതിക വൈദഗ്ധ്യമുള്ള പ്രവാസി മലയാളികൾക്ക് കേരളത്തിൽ തുടങ്ങിയ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കായി മേൽ പറഞ്ഞ 9% പലിശ നിരക്കിൽ തന്നെ പരമാവധി 5 ലക്ഷം രൂപ വരെ മാർജിൻ മണി വായ്പ നൽകും.

7. റിന്യൂവബിൾ സോഴ്സ് ഓഫ് എനർജി ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനോ/ഡീസൽ ജനറേറ്റർ സെറ്റുകളിൽ മലിന പ്രതിരോധ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനോ ഉള്ള പ്രോത്സാഹനം.

8. ഇപ്പോൾ നിലവിലുള്ളതും പുതിയതുമായ എല്ലാ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും പുതിയ ഊർജ്ജ സ്രോതസ്സ് ഉപയോഗിക്കാൻ പറ്റിയ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് അത്തരം നിക്ഷേപത്തിന്റെ 15% തുകയോ പരമാവധി 5 ലക്ഷം രൂപയോ അധികമായി നൽകുന്നു. അതുപോലെ തന്നെ ഡീസൽ ജനറേറ്റർ സെറ്റുകളിൽ മലിനീകരണ പ്രതിരോധ

LIBRARY ARCHIVES Kerala Legislative Assembly

യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് അത്തരം നിക്ഷേപത്തിന് 10% പരമാവധി 25000 രൂപയാക്കുന്നതാണ്.

9. എ. സംസ്ഥാന ജില്ലാ തലങ്ങളിൽ ടെക്നിക്കൽ കൺസൾട്ടൻസി സെല്ലുകൾ രൂപീകരിക്കുന്നതാണ്.

ബി. ട്രസ്റ്റ് സെക്ടറിൽ സാങ്കേതിക മുന്നേറ്റത്തിന് പ്രത്യേക കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതാണ്.

സി. വ്യവസായ അസോസിയേഷനുകളുമായി ചേർന്ന് പൊതു സൗകര്യങ്ങൾ ഉണ്ടാക്കുന്നതാണ്.

ഡി. സാങ്കേതിക മുന്നേറ്റം ആധുനികവൽക്കരണം എന്നിവ ചെയ്യുന്ന ചെറുകിട വ്യവസായങ്ങൾക്ക് ടി.ഡി.എം.എഫിന്റെ പലിശയുടെ ഒരു വിഹിതം സബ്സിഡിയായി നൽകുന്നതാണ്.

ഇ. വ്യവസായ ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സഹകാര്യ സ്ഥാപനങ്ങളെ വ്യവസായ മേഖലകളിൽ കുറഞ്ഞ നിരക്കിൽ സ്ഥലം നൽകി പ്രോത്സാഹിപ്പിക്കും.

10. വനിതകൾക്കുള്ള പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ കൂട്ടുകുടുംബ സംരംഭം എന്ന പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. നിലവിലുള്ള വനിതാ വ്യവസായ പദ്ധതിയിലെ വിവിധ ആനുകൂല്യങ്ങൾ താഴെ പറയും പ്രകാരം വർദ്ധിപ്പിക്കുന്നതാണ്.

മെഷിനറി ഗ്രാന്റ് പരമാവധി 75000/- രൂപ, കെട്ടിടഗ്രാന്റ് പരമാവധി 50,000 രൂപ, മാനേജർ-എക്സ്പെർട്ട് ഇവരുടെ ശമ്പളം പ്രതിമാസം 750 കണക്കാക്കി 4 വർഷം ടാപ്പറിംഗ് അനുപാതത്തിലും പരിശീലനത്തിലേർപ്പെട്ടിട്ടുള്ള വർക്ക് പ്രതിമാസം സ്റ്റൈപെന്റ് 500 രൂപയായും വർദ്ധിപ്പിക്കും.

കൂടാതെ വനിതാ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം പരമാവധി 250000 രൂപയിൽ നിന്നും 350000 രൂപയായി വർദ്ധിപ്പിക്കും.

11. രോഗാതുര വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കും. കൂടാതെ ഗ്രാമപഞ്ചായത്തുതല വ്യവസായ വികസന കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

അനുബന്ധം - II

13-3-2000 ത്തിലെ ചോദ്യം 6 (*426) ന്റെ ഉത്തരം കാണുക

Name of the Organisation	Year 1999-2000 Scheme for construction of Old Age Home	Total amount recommended
1. Kasturba Gandhi National Memorial Trust, Nedupuzha, Thrissur.	..	Rs. 30,00,000
2. Holy Family Generelate, Mannuthy, Thrissur	..	Rs. 21,25,000

LIBRARY ARCHIVES Kerala Legislative Assembly